79 Ad A1/72-952/17
E 1406707/2017/PS
25/4/17

കേരള സർക്കാർ

പാ.കാ.വ-എ 2/56/2017/പാ.കാ.വ

പാർലമെന്ററികാര്യ (എ) വകുപ്പ്
തിരുവനന്തപുരം
തീയതി : 21.04.2017

# സർക്കുലർ

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ എം.എൽ.എ മാർ പങ്കെടുക്കേണ്ട യോഗങ്ങൾ വിളിച്ചുചേർക്കാൻ പാടില്ലെന്ന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിൽ എം.എൽ.എമാർ പങ്കെടുക്കേണ്ട യോഗങ്ങളോ കോൺഫറൻസുകളോ വിളിച്ചു ചേർക്കാൻ പാടില്ലെന്ന സ്പീക്കറുടെ റൂളിംഗും സർക്കാർ നിർദ്ദേശങ്ങളും നിലനിൽക്കുമ്പോൾ തന്നെ ആയതിനു വിരുദ്ധമായി പല വകുപ്പു മേധാവികളും ജില്ലാ മേധാവികളും വിവിധ യോഗങ്ങൾ വിളിച്ചു ചേർക്കുന്നതായുള്ള പരാതി നിയമസഭാംഗങ്ങളിൽ നിന്നും ലഭിച്ചതായി നിയമസഭാ സെക്രട്ടറി അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ, നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ നിയമസഭാ സാമാജികർ പങ്കെടുക്കേണ്ട യാതൊരു യോഗങ്ങളും കോൺഫറൻസുകളും സർക്കാർ തലത്തിലോ വകുപ്പ് തലത്തിലോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലോ വിളിച്ചു ചേർക്കുന്നില്ലായെന്ന് എല്ലാ ജില്ലാകളക്ടർമാരും വകുപ്പ് മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണെന്നും സ്പീക്കർ വിളിച്ചുവരുത്തുന്നതുമാണെന്നും എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുന്നു.

ടി.ഒ. സൂരജ്
സെക്രട്ടറി

എല്ലാ നിയമസഭാസാമാജികർക്കും,
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖകത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും (ഉത്തരവ് അതത് വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും എത്തിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്)
പൊതുമേഖലാസ്ഥാപനങ്ങളുടെയും കമ്പനികളുടെയും കോർപ്പറേഷനുകളുടെയും ചീഫ് എക്സിക്യൂട്ടീവുമാർക്കും

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക്.
വെബ് ആന്റ് ന്യൂ മീഡിയ. (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

പകർപ്പ്:

എല്ലാ ഡി.ടി.ഒ മാർക്കും

എല്ലാ സബ് ട്രഷറി ഓഫീസർമാർക്കും.

Addl
14/6/17